വികലാംഗരായ മക്കൾക്ക് കുടുംബപെൻഷൻ

33 (1579) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികലാംഗരായ ആൺകുട്ടികൾക്ക് രക്ഷകർത്താക്കളുടെ മരണശേഷവും ആൺകുട്ടികൾ വിവാഹിതനാണെങ്കിലും കുടുംബ പെൻഷന് അർഹതയുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എന്നാൽ വികലാംഗ പെൺകുട്ടികൾ വിവാഹിതരാണെങ്കിൽ ഈ ആനുകൂല്യം നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത വിവേചനം പരിഹരിച്ച് വികലാംഗ പെൺകുട്ടികൾക്ക് രക്ഷകർത്താക്കളുടെ മരണശേഷവും വിവാഹിതരാണെങ്കിലും ഫാമിലി പെൻഷന് അർഹത ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) വികലാംഗരായ ആൺകുട്ടികൾക്ക് രക്ഷകർത്താക്കളുടെ മരണശേഷവും ആൺകുട്ടികൾ വിവാഹിതരാണെങ്കിലും കുടുംബപെൻഷന് അർഹതയുണ്ട്.

(ബി) നിലവിലുള്ള ചട്ടപ്രകാരം വിവാഹിതരായ വികലാംഗ പെൺകുട്ടികൾക്ക് കുടുംബപെൻഷന് അർഹതയില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

വിദേശത്ത് മരണമടയുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള നടപടി

34 (1582) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശത്ത് മരണമടയുന്ന നിർധനരായ മലയാളികളുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതിന് ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഈ ഫണ്ടിലേക്ക് തുക കണ്ടെത്തുന്നത് എപ്രകാരമാണ് ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും എത്ര തുക വീതം ഈ ഫണ്ടിലേയ്ക്കെത്തി ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരുടെയൊക്കെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതിന് പ്രസ്തുത ഫണ്ടിൽ നിന്നും എത്ര തുക വീതം ചെലവാക്കി ;

(ഇ) വിദേശത്ത് മരണമടയുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly